File No.FWLD-A1/71/2019-FWLD

5969
20/8/20

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വകുപ്പാസ്ഥാനത്തെ സീനിയർ സൂപ്രണ്ട് ശ്രീ.സി.വിനോദ് കുമാറിനെതിരെയുള്ള അച്ചടക്ക നടപടി -തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.2/2020/വനം തിരുവനന്തപുരം, തീയതി, 02/01/2020

---

പരാമർശം:- (1) 16.08.2019-ലെ FWLD-A1/71/19-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(2) 07.09.2019 തീയതിയായി ശ്രീ.സി.വിനോദ് കുമാർ, സീനിയർ സൂപ്രണ്ട് സമർപ്പിച്ച പ്രതിവാദ പത്രിക

<u>ഉത്തരവ്</u>

വനം വകുപ്പാസ്ഥാനത്തെ സീനിയർ സൂപ്രണ്ട് ശ്രീ.സി.വിനോദ് കുമാർ, വകുപ്പിലെ വിവിധ നിയമസഭാ സമിതി റിപ്പോർട്ടുകൾ, കോടതി കേസുകൾ, നിയമസഭാ സമിതി ലഭ്യമാക്കുന്ന നിവേദനങ്ങൾ എന്നിവയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി 23.11.2018- ന് സെക്രട്ടേറിയറ്റിലെ വനം വന്യജീവി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ റൂമിൽ ചേർന്ന മീറ്റിംഗിൽ വകുപ്പ് ജോയിന്റ് സെക്രട്ടറിയോടും വനം വന്യജീവി (എഫ്) വകുപ്പ് സെക്ഷൻ ഓഫീസറോടും അച്ചടക്കം ലംഘിച്ച് അപമാനിച്ച് സംസാരിക്കുകയും മോശമായി പെരുമാറുകയും അതുവഴി അദാലത്തിന്റെ സൗഹൃദ അന്തരീക്ഷം ഇല്ലാതാക്കി അസ്വസ്ഥത സൃഷ്ടിക്കുകയും ചെയ്തു. ടിയാന്റെ ധിക്കാരപരമായ, ഔദ്യോഗിക പദവിയ്ക്ക് ചേരാത്ത പെരുമാറ്റം വകുപ്പിന്റെ അന്തസ് ഹനിക്കുന്നതിന് ഇടയാക്കി. സർക്കാർ ജീവനക്കാരനായ ടിയാന്റെ മേൽ പ്രവൃത്തി 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 3-ാം ചട്ടത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയും ആയതിനാൽ പരാമർശം (1) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക

നടപടി ആരംഭിച്ചു.

2) കുറ്റപത്രത്തിന് ടിയാൻ പരാമർശം (2) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയും നേരിൽ കേൾക്കുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് ടിയാനെ 08.11.2019-ന് വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്ന സമയത്ത് വനം വകുപ്പാസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും, മറ്റ് ഉദ്യോഗസ്ഥരും ഹാജരാകുകയും ശ്രീ.വിനോദ് കുമാർ താഴെപ്പറയുന്നവ ബോധിപ്പിക്കുകയും ചെയ്തു.

23.11.2018- ന് വനം വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ റൂമിൽ നടന്ന അവലോകന യോഗത്തിൽ വനം വകുപ്പിലെ തീർപ്പാകാത്ത ഫയലുകൾ സംബന്ധിച്ചും കോടതി കേസുകളും സമിതി റിപ്പോർട്ടുകൾ സംബന്ധിച്ചും ബഹുമാനപ്പെട്ട ജോയിന്റ് സെക്രട്ടറി ചോദിച്ച ചോദ്യങ്ങൾക്ക് ടിയാൻ കൃത്യമായി മറുപടി നൽകുകയും അദാലത്തിന്റെ എല്ലാ തരത്തിലുമുള്ള പ്രാധാന്യം കണക്കിലെടുത്ത് പ്രവർത്തിക്കുകയാണ് ചെയ്തത്. 23.11.2018- ലെ അവലോകന യോഗം ആരംഭിക്കുന്നതിന് മുൻപ് നടത്തിയ ഒരു സൗഹൃദ സംഭാഷണത്തെയാണ് കുറ്റപത്രത്തിൽ ആരോപിച്ചിട്ടുള്ളത്. അദാലത്തിലെ ഒരു സൗഹൃദ അന്തരീക്ഷവും തകർത്തിട്ടില്ല. ടിയാന്റെ 29 1/2 വർഷത്തെ സർക്കാർ സേവനത്തിൽ വളരെ കാര്യക്ഷമതയോടും സത്യസന്ധതയോടും സുതാര്യമായുമാണ് പ്രവർത്തിച്ചിട്ടുള്ളത്. സർക്കാർ താത്പര്യത്തിനപ്പുറത്ത് യാതൊരു നിലപാടും സ്വീകരിച്ചിട്ടില്ല. അതിനാൽ ടിയാന്റെ മറുപടി പരിഗണിച്ച് കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചു.

3) സർക്കാർ ഈ വിഷയം മേൽ വിശദീകരണത്തിന്റെയും, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും ഫയലിൽ നിന്നും വ്യക്തമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുറ്റാരോപണ പത്രികയിൽ വിവരിച്ചതുപോലെ ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ലാത്ത പ്രവൃത്തിയാണ് ടിയാന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്. എന്നിരുന്നാലും ടിയാന്റെ ദീർഘകാല സർവ്വീസിനെ മാനിച്ചുകൊണ്ട് 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 11 (iii) പ്രകാരം ശ്രീ. സി. വിനോദ് കുമാർ, സീനിയർ സൂപ്രണ്ടിന്റെ വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലപ്രാബല്ല്യമില്ലാതെ (without cumulative effect) മൂന്ന് മാസകാലയളവിലേയ്ക്ക് തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം ആരംഭിച്ച

അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr.ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.വിനോദ് കുമാർ, സീനിയർ സൂപ്രണ്ട്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2020.0[illegible] 11:56:24 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: വനം വന്യജീവി (എഫ്) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്